II ഇ.ബി. XV- കേരള നിയമസഭ/XIII-9

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

37(*241) <u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് അജൈവ മാലിന്യങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുകയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തി ഗുണനിലവാരം ഉയർത്തുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ"

സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസം വകുപ്പ്, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, എൽ.എസ്.ജി.ഡി. ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ നടത്തുന്ന പരിശോധനയ്ക്കുപുറമെ സുരക്ഷാ ജീവനക്കാരെ നിയോഗിച്ചും വിനോദസഞ്ചാര മേഖലകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനും ടൂറിസം ക്ലബ്ബിന്റെ സഹകരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹരിത ചട്ടവും ശാസ്ത്രീയ മാലിന്യ സംസ്കരണവും ഉറപ്പാക്കുന്നതിനായി 503 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ നടപ്പാക്കുകയും മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി 431 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആയി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കണമെന്ന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ബോട്ടിൽ ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ ഉപയോഗിച്ച് വേസ്റ്റ് ടു ആർട്ട് ഇൻസ്റ്റലേഷനുകൾ നിർമ്മിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ

ആകർഷകമാക്കുന്നതിനും ഗ്രീൻ എനർജി, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ, മിയാവാക്കി വനവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി നെറ്റ് സീറോ ഡെസ്റ്റിനേഷൻ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. കാലാവസ്ഥാ വ്യതിയാനമുൾപ്പെടെ പരിഗണിച്ചുകൊണ്ടുള്ള നിർമ്മിതികൾ നടത്തുന്നതിനായി ഡിസൈൻ പോളിസി തയ്യാറാക്കിയിട്ടുണ്ടെന്നും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ചരിത്രപരമായ പ്രത്യേകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സുവനീറുകൾ തയ്യാറാക്കുന്നുണ്ടെന്നും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതോടൊപ്പം പകരം സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും സർക്കാർ സ്വീകരിച്ച വിവിധ നടപടികളുടെ ഫലമായി അന്താരാഷ്ട്രതലത്തിൽ മികവുറ്റ ടൂറിസം സാധ്യതയുള്ള സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരവധി അംഗീകാരങ്ങൾ നേടാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38(*242) <u>ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2023 നവംബർ 16-ന് വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വിവിധ സ്റ്റാർട്ടപ്പ് പദ്ധതികൾ ഉൾപ്പെടെ സർക്കാർ/സ്വകാര്യ മേഖലകളിലായി നിരവധി പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായെന്നും പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതികൾ തയ്യാറാക്കൽ, അവലോകനം, സ്വകാര്യ നിക്ഷേപകരെ കണ്ടെത്തൽ എന്നിവയ്ക്കായി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായുള്ള സ്വകാര്യ പദ്ധതികൾക്കാവശ്യമായ വിവിധ അനുമതികൾക്കായി K-SWIFT പോർട്ടലിലൂടെ സൗകര്യമൊരുക്കിയിട്ടുള്ളതും സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിയുള്ള പദ്ധതികളിൽ ഭൂമിയുടെ സർവേ നടപടികൾ, മൂല്യനിർണ്ണയം മുതലായവ നടന്നുവരികയുമാണ്. നിക്ഷേപകരെ കണ്ടെത്തിയ ബേക്കൽ റിസോർട്ട് & കൺവെൻഷൻ/എന്റർടൈൻമെന്റ് സെന്റർ, ബേക്കൽ

ഫൈവ് സ്റ്റാർ റിസോർട്ട്, ബേക്കൽ ടൂറിസം സെന്റർ എന്നീ പദ്ധതികൾ ആരംഭഘട്ടത്തിലാണ്. ഹോസ്പിറ്റാലിറ്റി മേഖലയിൽ ആരംഭിക്കുന്ന ആലപ്പുഴ മുഹമ്മയിലെ ലക്ഷ്വറി റിസോർട്ട്, കണ്ണൂർ ലക്ഷ്വറി ഹോട്ടൽ എന്നീ പദ്ധതികൾക്ക് 250 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ആലപ്പുഴ ഹെറിറ്റേജ് റസ്റ്റോറന്റ് പദ്ധതി, ഉരു മോഡൽ ടൂറിസം പദ്ധതി എന്നിവയ്ക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുകൾ (EOI) ക്ഷണിച്ചിട്ടുണ്ടെന്നും കാരവൻ ടൂറിസം, ഹെലിടൂറിസം, സ്പോർട്സ് ടൂറിസം, ക്രൂയിസ്/യാട്ട് ടൂറിസം തുടങ്ങിയ മേഖലകളിൽ ലെറ്റർ ഓഫ് ഇന്റെന്റുകൾ (LOI) ലഭ്യമായിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെ താഴെയുള്ള പൊതുഇടങ്ങൾ ആകർഷകമാക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മീറ്റിന്റെ ഭാഗമായി ബേക്കലിൽ എത്തുന്ന സ്വകാര്യ സംരംഭകർക്ക് ഫെസിലിറ്റേറ്ററി സപ്പോർട്ട് നൽകുന്നതിന് ബി.ആർ.ഡി.സി.-യെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും കിഫ്ബി ധനസഹായത്തോടെ പദ്ധതികൾ തയ്യാറാക്കി കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനം ഉറപ്പാക്കുന്നതാണെന്നും ശാസ്താംപാറയിൽ അഡ്വഞ്ചറസ് ടൂറിസം

അക്കാഡമി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39(*243) ലഹരിക്കെതിരെ ബോധവൽക്കരണം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക, പരിഹാരമാർഗങ്ങൾ നിശ്ചയിക്കുക എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ Standard Operating Procedure (SOP) പ്രകാരമാണ് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതെന്നും സഭയെ അറിയിച്ചു. ലഹരി ഉപയോഗം കണ്ടെത്തുന്നതിന് സ്കൂൾതലത്തിൽ നടത്തേണ്ട ജാഗ്രത പ്രവർത്തനങ്ങൾ, ജന ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗരേഖ സ്കൂളുകൾക്ക് ലഭ്യമാക്കുകയും ലഹരി ഉപയോഗത്തിൽനിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26-ന് ലഹരിവിരുദ്ധ പാർലമെന്റ്, ശിശുദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2-ന് സംവാദ സദസ്സ്, ജനുവരി 30-ന് ക്ലാസ്സ് സഭ എന്നിവ നടത്തുകയും രക്ഷിതാക്കളുടെ കൂട്ടായ്മയായ അമ്മ റിസോഴ്സ് ഗ്രൂപ്പിന്റെ പിന്തുണ ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് prahari club/ children's club/ anti narcotic club എന്നിവ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നതിനുപുറമെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും കലാ-കായിക-ആരോഗ്യ-വ്യക്തിത്വ വികസന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കുട്ടികളിൽ ലഹരിക്കെതിരെയുള്ള മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'തെളിവാനം വരക്കുന്നവർ', 'കരുതൽ', 'കവചം' എന്നീ പുസ്തകങ്ങൾ എക്സൈസ് വകുപ്പുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിലും (ഉല്ലാസ പറവകൾ), 2024-25 അക്കാദമിക വർഷത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിലും

2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിലും അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസ്സുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിക്കും മരുന്നിനും എതിരായിട്ടുള്ള പാഠ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കുന്നതിനും കുട്ടികൾക്ക് ലഹരി ലഭിക്കുന്ന വഴികൾ തടയുന്നതിനും വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ലഹരിമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് 'ആഹ്ലാദത്തിന്റെ പുതുവഴികൾ' എന്ന റഫറൻസ് പുസ്തകവും 'ജീവിതമാണ് ലഹരി', 'ലഹരിയോട് പറയാം ഗുഡ്ബൈ' എന്നീ ലഘുപുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും കൗമാരക്കാർ അഭിമുഖീകരിക്കുന്ന മന:ശാസ്ത്രപരമായ പ്രശ്നങ്ങൾ, മാനസിക സംഘർഷങ്ങൾ എന്നിവ ശാസ്ത്രീയ പഠനത്തിന് വിധേയമാക്കുന്നതാണെന്നും പോലീസ് റിക്രൂട്ട്മെന്റിൽ എസ്.പി.സി.-ക്ക് വെയ്റ്റേജ് നൽകാനുള്ള തീരുമാനം എസ്.പി.സി.-ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ മണ്ഡലങ്ങളെയും കോർത്തിണക്കിക്കൊണ്ട് നടത്തുന്ന 'ആന്റി ഡ്രഗ്

ക്യാമ്പയിനിന് 2025 മേയ് 1-ാം തീയതി മുതൽ തുടക്കം കുറിക്കുകയാണെന്നും 'കായികമാണ് ലഹരി' എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി അറിയിച്ചു.

40(*244) <u>ദേശീയപാത 66-ന്റെ പ്രവൃത്തി പുരോഗതി</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി മിഷൻ-2025 പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും നിശ്ചിത ഇടവേളകളിൽ പദ്ധതി വിലയിരുത്തുകയും പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്രവൃത്തിയിൽ വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട 7 സ്ട്രെച്ചുകളിൽ പ്രവൃത്തി പൂർത്തിയാക്കുകയും 19 സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമന ഘട്ടത്തിലുമാണ്. പ്രസ്തുത റോഡിൽ മഴക്കാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനം

ഒരുക്കിയിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം ഔട്ടർ റിങ്ങ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് എന്നീ പദ്ധതികൾക്കായി 2370.59 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് പാതയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണെന്നും തുറവൂർ-കുമ്പളങ്ങി, തുറവൂർ-മാക്കേകടവ് റോഡുകൾ റീടാർ ചെയ്യുന്നതിന് 8.50 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ദേശീയപാത 66-ന്റെ നിർമ്മാണത്തിനായി 5580 കോടി രൂപ സർക്കാർ ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും 2025 ഡിസംബർ മാസത്തോടുകൂടി പദ്ധതി യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.